പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*667.

13-07-2012-ൽ മറുപടിയ്ക്ക്

തോട്ടം തൊഴിലാളി നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ:<br>ശ്രീ.പി.കെ.ഗുരുദാസൻ :<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ.കെ.കെ.ജയചന്ദ്രൻ: | ശ്രീ.ഷിബുബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തോട്ടം തൊഴിലാളി നിയമം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ഉദ്ദേശിയ്ക്കുന്നില്ല. |
| (ബി) ഈ സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പൂട്ടിക്കിടക്കുന്ന ഏതെങ്കിലും തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; | (ബി) പ്രഖ്യാപിച്ചിരുന്നു |
| (സി) പ്രസ്തുത പ്രഖ്യാപനം നൂറുദിനത്തിനുള്ളിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് അറിയിക്കുമോ; | (സി) ഉണ്ട്. കൊല്ലം ജില്ലയിലെ പ്രിയാ എസ്റ്റേറ്റ് നൂറു ദിവസത്തിനുള്ളിൽ തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) തോട്ടം തൊഴിലാളികളുടെ കുട്ടികളെ സ്കൂളിൽ എത്തിക്കാൻ വാഹന സൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്ന ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ? | (ഡി) ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർ കൺവീനറുമായിട്ടുള്ള Plantation Relief Fund Committee- യുടെ തീരുമാന പ്രകാരം 2011 ഫെബ്രുവരി 20 മുതൽ 2011 ആഗസ്റ്റ് 16 വരെ കുട്ടികൾക്ക് വാഹന സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ